കഴിഞ്ഞ നാല് വർഷക്കാലമായി ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലും അതിനുശേഷം ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലും ആവിഷ്ക്കരിച്ചു നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിപാടികൾ ജനങ്ങൾക്ക് പൂർണ്ണമായി വിശ്വാസം വന്ന് ജനങ്ങൾ ആ നല്ല ഭരണം തുടരാൻ ആഗ്രഹിക്കുന്നു എന്നുള്ളതിന്റെ തെളിവ് നമുക്കനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ നല്ല ഭരണത്തിന് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ വീണ്ടും പിന്താങ്ങുന്നു.

VIII. അറിയിപ്പ്

ചോദ്യങ്ങൾ ചോദിക്കുന്നതിനുള്ള സമയം

മി. ഡെപ്യൂട്ടി സ്പീക്കർ: 2005 ഫെബ്രുവരി 10-ാം തീയതി സഭ സമ്മേളിക്കാൻ തീരുമാനിച്ചിരിക്കുന്നതിനാൽ അന്നേ ദിവസത്തെ ചോദ്യങ്ങൾ ചോദിക്കാൻ 2-2-2005 വൈകുന്നേരം മൂന്ന് മണിവരെ നോട്ടീസ് നൽകാവുന്നതാണ്. ഊർജ്ജ വകുപ്പുമന്ത്രി, ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി, വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി, കൃഷിയും കയറും വകുപ്പുമന്ത്രി എന്നിവരോട് അന്നേ ദിവസം ചോദ്യങ്ങൾ ചോദിക്കാവുന്നതാണ്.

ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. ടി. എം. ജേക്കബ്: സർക്കാരിന്റെ ദിശാബോധവും കാഴ്ചപ്പാടും ജനങ്ങളെ അറിയിക്കുക എന്ന കർത്തവ്യമാണ് നയപ്രഖ്യാപനത്തിൽക്കൂടി നിർവ്വഹിക്കപ്പെടുന്നത്. ഈ ഗവൺമെന്റിന്റെ ഈ സഭയിലെ അവസാനത്തെ നയ പ്രഖ്യാപന പ്രസംഗം എന്നു വേണമെങ്കിൽ ആ പ്രസംഗത്തെക്കുറിച്ച് പറയാം. അടുത്ത ജനുവരിയിൽ അവതരിപ്പിക്കുന്ന നയപ്രഖ്യാപനം പൂർത്തീകരിക്കാൻ കഴിയുകയില്ല. കാരണം മേയ് മാസം ആകുമ്പോഴേക്കും ഇലക്ഷൻ വരും. അതുകൊണ്ടുതന്നെ ഇപ്പോൾ അവതരിപ്പിക്കാൻ പോകുന്ന ബഡ്ജറ്റും ഐക്യജനാധിപത്യ മുന്നണിയുടെ അവസാനത്തെ ബഡ്ജറ്റാണ്. ഈ സന്ദർഭത്തിൽ ഐക്യ ജനാധിപത്യ മുന്നണിക്കുവേണ്ടി ജനങ്ങളുടെ മുമ്പാകെ സമർപ്പിച്ച ഒരു പ്രകടനപത്രിക—അതാണെന്റെ കയ്യിൽ ഇരിക്കുന്നത്—പരിഗണിക്കേണ്ടതുണ്ട്. ഈ പ്രകടനപത്രിക എഴുതി തയ്യാറാക്കിയതു ഞാനും ശ്രീ. എം. എം. ഹസ്സനും, ശ്രീ. സി. പി. ജോണും അടങ്ങുന്ന ഒരു സബ് കമ്മിറ്റിയാണ്. അത് ഐക്യജനാധിപത്യ മുന്നണിയുടെ കമ്മിറ്റിയിൽ വച്ച് പൂർണ്ണ രൂപത്തിൽ പാസ്സാക്കി. ശ്രീ. എ. കെ. ആന്റണിയുടെ അദ്ധ്യക്ഷതയിൽ ആയിരുന്നു ഈ നടപടി. അന്നത്തെ യു.ഡി.എഫ് കൺവീനർ ശ്രീ. ശങ്കരനാരായണൻ ഇപ്പോൾ അപ്പുറത്തിരിപ്പുണ്ട്. അവസാന ഭാഗത്തിന്റെ രണ്ടു സെന്റൻസ് ഞാൻ വായിക്കാം. "അഞ്ചു വർഷത്തെ നിഷ്ക്രിയമായ ഇടതുഭരണം കേരളത്തിലെ സാമ്പത്തിക സാമൂഹിക മേഖലകളെ നിശ്ചലമാക്കിയിരിക്കുന്നു. ഈ തകർച്ചയിൽനിന്ന് കേരളത്തെ മോചിപ്പിക്കാനുള്ള ശ്രമകരമായ ദൗത്യമാണ് യു.ഡി.എഫിന് ഏറ്റെടുക്കാനുള്ളത്. അധികാരം കിട്ടുമ്പോൾ പ്രകടനപത്രികയും വാഗ്ദാനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly